**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 64** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനങ്ങൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. എ. കെ. എം. അഷ്റഫ്<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീമതി കെ. എ. തുളസി<br>(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി) |

**(എ)** പഠനത്തിലും കലാപ്രവർത്തനങ്ങളിലും മികവ് തെളിയിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകി വരുന്നത്; വിശദമാക്കാമോ;

**<u>മറുപടി:</u>** പഠനത്തിലും കലാപ്രവർത്തനങ്ങളിലും മികവ് തെളിയിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പ്രോത്സാഹന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>1. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി</u>

വിവിധ പരീക്ഷകൾക്ക് ഉയർന്ന മാർക്ക് വാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2500 മുതൽ 12000 രൂപ വരെ ക്യാഷ് അവാർഡ് നൽകുന്ന പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി.

<u>2. ശ്രീ അയ്യൻകാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കോളർഷിപ്പ്.</u>

4, 7 ക്ലാസുകളിൽ വാർഷിക പരീക്ഷയിൽ ലഭിച്ച ഗ്രേഡിന്റെയും കലാ കായിക മത്സരങ്ങൾ ഉൾപ്പടെയുള്ള പഠ്യേതര പ്രവർത്തനങ്ങളിലെ മികവിന്റേയും അടിസ്ഥാനത്തിൽ മികച്ച പഠന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളിൽ നിന്നും വരുമാനം കൂടി പരിഗണിച്ച് തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

യു. പി വിഭാഗത്തിന് പ്രതിവർഷം 5000/- രൂപ നിരക്കിലും എച്ച്. എസ് വിഭാഗത്തിന് പ്രതിവർഷം 5500/- രൂപ നിരക്കിലും സ്കോളർഷിപ്പ് നൽകുന്നു. പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. വരുമാനം 30,000/- രൂപയിൽ താഴെ ഉള്ളവർക്ക് മേശയും കസേരയും വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായകമായി 3000/- രൂപ കൂടി നൽകുന്നു.

**(ബി)** എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്വർണ്ണമെഡൽ പദ്ധതി നിലച്ചതായുള്ള ആക്ഷേപം

പരിശോധിക്കുമോ;

**<u>മറുപടി:</u>** എസ്. എസ്. എൽ. സി, +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്വർണ്ണ മെഡൽ പദ്ധതി 2020 വർഷം മുതൽ നടപ്പിലാക്കിയിട്ടില്ല.

**(സി)** സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പതിനായിരം രൂപയുടെ പ്രോത്സാഹന സമ്മാന വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുത്ത് എ ഗ്രേഡ് കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 10000/- രൂപ ക്യാഷ് പ്രൈസ്സ് അനുവദിയ്ക്കുന്ന സർഗോത്സവം പദ്ധതി 2019 വർഷം മുതൽ നടപ്പിലാക്കിയിട്ടില്ല. കോവിഡ് മൂലം 2021, 2022 എന്നീ വർഷങ്ങളിൽ സ്കൂൾ കലോത്സവങ്ങൾ ഒഴിവാക്കിയിരുന്നു. നിലവിൽ 2019, 2020, 2023, 2024, 2025 എന്നീ വർഷങ്ങളിലെ കലോത്സവ വിജയികൾക്കാണ് ക്യാഷ് പ്രൈസ്സ് വിതരണം ചെയ്യേണ്ടത്. കോവിഡ് കാലഘട്ടത്തിൽ മുടങ്ങിയ ടി പദ്ധതി പുനരാരംഭിച്ചിട്ടില്ല.

**(ഡി)** മെഡലുകളും സമ്മാനത്തുകയും കുടിശ്ശിക സഹിതം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**